# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 531 — 19.03.2013-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനക്കാർ

**ചോദ്യം**

ശ്രീ. ബി. സത്യൻ :

(എ) സംസ്ഥാനത്തെ വിവിധ പ്രാഥമിക സഹകരണ സംഘങ്ങളിലായി ആകെ എത്ര സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ പ്രാഥമിക സഹകരണ സംഘങ്ങളിലായി ആകെ 27464 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 2018 |
| 2. | കൊല്ലം | 1712 |
| 3. | പത്തനംതിട്ട | 1126 |
| 4. | ആലപ്പുഴ | 1368 |
| 5. | കോട്ടയം | 2361 |
| 6. | ഇടുക്കി | 1101 |
| 7. | എറണാകുളം | 2075 |
| 8. | തൃശ്ശൂർ | 2426 |
| 9. | പാലക്കാട് | 1802 |
| 10. | മലപ്പുറം | 2277 |
| 11. | കോഴിക്കോട് | 2090 |
| 12. | വയനാട് | 390 |
| 13. | കണ്ണൂർ | 5033 |
| 14. | കാസർഗോഡ് | 1685 |
| | ആകെ | 27464 |

(ബി) നിയമനങ്ങൾ നടത്തുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കമോ ;

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്കിനും അതിനു മുകളിലുള്ള തസ്തികകളിലെയും നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനം സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മുഖേനയാണ് നടത്തുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്കിനു താഴെയുള്ള തസ്തികകളിലെയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെയും നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലേയ്ക്കുള്ള നിയമനം ബന്ധപ്പെട്ട സംഘം ഭരണസമിതിയാണ് നടത്തുന്നത്.

(സി) നിയമനങ്ങൾക്ക് സംവരണതത്വം [redacted]ണ്ടോ ; [redacted] വിധത്തിലാണെന്ന് വിശദമാക്കമോ ;

(സി) നിയമനങ്ങൾക്ക് സംവരണ തത്വം [redacted]

ഓരോ സഹകരണസംഘത്തിലെയും ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 10% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്കായും 3% ശാരീരിക വൈകല്യമുള്ളവർക്കായും സംവരണം ചെയ്തിട്ടുണ്ട്.

(ഡി) ഓരോ ജില്ലയിലും ജോലി ചെയ്യുന്നവരിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുന്നവർ എത്ര വീതമെന്ന് വിശദമാക്കമോ ?

(ഡി) എസ്.സി/എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എസ്.സി/എസ്.റ്റി. വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 202 |
| 2. | കൊല്ലം | 158 |
| 3. | പത്തനംതിട്ട | 97 |
| 4. | ആലപ്പുഴ | 140 |
| 5. | കോട്ടയം | 201 |

| | | |
|---|---|---|
| 6. | ഇടുക്കി | 92 |
| 7. | എറണാകുളം | 130 |
| 8. | തൃശ്ശൂർ | 281 |
| 9. | പാലക്കാട് | 213 |
| 10. | മലപ്പുറം | 162 |
| 11. | കോഴിക്കോട് | 133 |
| 12. | വയനാട് | 22 |
| 13. | കണ്ണൂർ | 317 |
| 14. | കാസർഗോഡ് | 101 |
| | ആകെ | 2249 |

സെക്ഷൻ ഓഫീസർ